10588
9/5/17

കേരള സർക്കാർ

സംഗ്രഹം

പാർലമെന്ററികാര്യ വകുപ്പ് - 05.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് - മന്ത്രിസഭാ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പാർലമെന്ററികാര്യ (ബി) വകുപ്പ്

സ.ഉ.(സാ.ധാ) നം. 28/2017/പാ.കാ.വ — തീയതി, തിരുവനന്തപുരം, 04.05.2017

---

പരാമർശം : 1) 02.05.2017 -ലെ നിയമസഭാസെക്രട്ടറിയുടെ 1868/പി.എം.ബി.ആർ1/2017/നി.സെ.കത്ത്.
2).03.05.2017-ലെ മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പ്

## ഉത്തരവ്

**05.05.2017**-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ താഴെ പറയും പ്രകാരം മന്ത്രിമാർ നിയമസഭയിൽ നിലപാട് സ്വീകരിക്കേണ്ടതാണ്:-

### ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ

| ക്രമ നം | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രി | സ്വീകരിക്കേണ്ട നിലപാട് |
|---|---|---|---|---|
| 1 | ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ (28.10.2016 ന് ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർക്കു വേണ്ടി ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം | "മുൻ വർഷങ്ങളിലെ മഴക്കുറവ് മൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും, കടുത്ത കടിവെള്ള ക്ഷാമവും, വൈദ്യുതിയുല്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവ് മൂലം കാർഷികോത്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. വരും ദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. | റവന്യു വകുപ്പ് | അനുകൂലിക്കുവാൻ തീരുമാനിച്ചു |
| 2 | ശ്രീ. കെ.വി. അബ്ദുൽ ഖാദർ | "ഉദ്ദേശം 31 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായുണ്ട്. കേരള മൈഗ്രേഷൻ സർവേ പ്രകാരം അന്യ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് | ബഹു .മുഖ്യമന്ത്രി | ഉള്ളടക്കത്തോട് യോജിച്ച് കൊണ്ട് തത്വത്തിൽ അംഗീകരിക്കുവാൻ തീരുമാനിച്ചു |

| | | | | |
|---|---|---|---|---|
| | | രാജ്യങ്ങളി ലേക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.യിലും 22 ശതമാനം സൗദി അറേബ്യയിലുമാണ്. ഈ നാട്ടുകളിലെ സ്വദേശിവൽക്കരണനയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെട്ടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശ നിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" | | |
| 3 | ശ്രീ. സി. മമ്മൂട്ടി | "സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യത യില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും, പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിതഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും, മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പു വരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമനിർമ്മാണ മുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." | ആരോഗ്യ സാമൂഹ്യനീതി വകുപ്പ് | ഉള്ളടക്കത്തോട് യോജിച്ച് കൊണ്ട് തത്വത്തിൽ അംഗീകരിക്കുവാൻ തീരുമാനിച്ചു |
| 4 | ശ്രീ. മുഹമ്മദ് മുഹസിൻ.പി. | "മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, മാതാപിതാക്കൾക്കു മാത്രമല്ല സമൂഹത്തിന്റെ തന്നെ വേദനയായി മാറുകയാണ്. ഇത്തരം കുട്ടികളുടെ മാതാപിതാക്കൾ സ്വന്തം തൊഴിൽ ഉപേക്ഷിച്ച് ഇവരോടൊപ്പം സദാസമയവും ചെലവഴിക്കാൻ നിർബന്ധിതരാകുന്നത് അവരുടെ കുടുംബങ്ങളെ സാമ്പത്തികമായി തളർത്തുന്നു. ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്ന രീതിയിൽ പരിശീലനം നൽകുന്നതിനും ഉതകുന്ന വിധത്തിൽ, ശാസ്ത്രീയമായി പരിശീലനം ലഭിച്ചവരുടെ മേൽനോട്ടത്തിൽ അവരെ പരിപാലിക്കേണ്ടത് | ആരോഗ്യ സാമൂഹ്യനീതി വകുപ്പ് | അനുകൂലിക്കേണ്ട തില്ലെന്ന് തീരുമാനിച്ചു |

| | | | | |
|---|---|---|---|---|
| | | സമൂഹത്തിന്റെ ബാധ്യതയാണ്. ഇത്തരത്തിലുള്ള 30-ൽ കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ ഒരു ഡേകെയർ സെന്റർ എന്ന രീതിയിൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു. | | |

2. പ്രമേയം സംബന്ധിച്ച ഫയൽ ബന്ധപ്പെട്ട മന്ത്രിമാർക്ക് അടിയന്തിരമായി നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.ഒ. സൂരജ്**
സെക്രട്ടറി

**ബന്ധപ്പെട്ട വകുപ്പുകൾക്ക്**
(ഈ വകുപ്പിന്റെ 02/05/2017-ലെ **പി.എ.ഡി-ബി1/33/2017-പി.എ.ഡി** നം. കത്ത് പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്
(03.05.2017-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം നം. 986 പ്രകാരം

**പകർപ്പ്** :-ബന്ധപ്പെട്ട വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബന്ധപ്പെട്ട വകുപ്പ സെക്രട്ടറിക്ക്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1432003/2017/OS-PAD

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 03-05-2017

ഫയൽ നം.പി.എ.ഡി.-ബി1/33/2017-പി.എ.ഡി. ഇനം നം: 986

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - 05.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത്.

തീരുമാനം : 05.05.2017-ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ താഴെപ്പറയുന്ന സർക്കാർ നിലപാട് സ്വീകരിക്കുവാൻ തീരുമാനിച്ചു.

1. - അനുകൂലിക്കുവാൻ തീരുമാനിച്ചു.

2. & 3. - ഉള്ളടക്കത്തോട് യോജിച്ചുകൊണ്ട് തത്വത്തിൽ അംഗീകരിക്കുവാൻ തീരുമാനിച്ചു.

4. - അനുകൂലിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്

# കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **പി.എ.ഡി-ബി1/33/2017-പി.എ.ഡി** |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ (ബി) വകുപ്പ് |
| 3 | വിഷയം | : | പാർലമെന്ററികാര്യ വകുപ്പ് - 05.05.2017 -ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിൽമേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 02-05-2017 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ; | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : | ശ്രീ.ടി. ഒ. സൂരജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 02-05-2017 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 02-05-2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ.എ.കെ.ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 02-05-2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 03-05-2017 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | 03/05/17 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും; | : | സ.ഉ.(സാ.ധാ) നം. 28/2017/പാ.കാ.വ തീയതി, തിരുവനന്തപുരം. 04.05.2017 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

05.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളിന്മേലുള്ള സർക്കാർ നിലപാട് തീരുമാനിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) 14-ാം കേരള നിയമസഭയുടെ 5-ാം സമ്മേളനത്തിൽ 05.05.2017 വെള്ളിയാഴ്ച സഭയിൽ ചർച്ചയ്ക്ക് വരുന്ന അനൗദ്യോഗിക പ്രമേയങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

### ചർച്ചയ്ക്കുള്ള പ്രമേയങ്ങൾ

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | പ്രമേയം | വകുപ്പ് മന്ത്രിയുടെ പേര് |
|---|---|---|---|
| 1 | ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ (28.10.2016 ന് ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർക്കു വേണ്ടി ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാകാത്തതുമായ പ്രമേയം | "മുൻ വർഷങ്ങളിലെ മഴക്കുറവ് മൂലം സംസ്ഥാനം കടുത്ത വരൾച്ചയെ നേരിടുകയാണ്. സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശവും, കടുത്ത കുടിവെള്ള ക്ഷാമവും, വൈദ്യുതിയുല്പാദനത്തിൽ കാര്യമായ കുറവും നേരിടുന്നു. മഴക്കുറവ് മൂലം കാർഷികോത്പന്നങ്ങളുടെ ഉല്പാദനം കുറയുന്നതിനാൽ കടുത്ത വിലക്കയറ്റം ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. വരും ദിവസങ്ങളിൽ വരൾച്ച കൂടുതൽ രൂക്ഷമാകാനുള്ള സാധ്യതയാണ് കാണുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കുന്നതിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ പാക്കേജിൽ ഉൾപ്പെടുത്തി കേരളത്തിന് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. | റവന്യൂ വകുപ്പ് |
| 2 | ശ്രീ. കെ.വി. അബ്ദുൽ ഖാദർ | "ഉദ്ദേശം 31 ലക്ഷത്തോളം മലയാളികൾ മറ്റു രാജ്യങ്ങളിലും സംസ്ഥാനങ്ങളിലുമായി പ്രവാസികളായുണ്ട്. കേരള മൈഗ്രേഷൻ സർവേ പ്രകാരം അന്യ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്ന കേരളീയരിൽ 86.3 ശതമാനം ഗൾഫ് രാജ്യങ്ങളിലേക്കാണ് പോകുന്നത്. അതിൽ 37.5 ശതമാനം യു.എ.ഇ.യിലും 22 ശതമാനം സൗദി | ബഹു.മുഖ്യമന്ത്രി |

| | | | |
|---|---|---|---|
| | | അറേബ്യയിലുമാണ്. ഈ നാടുകളിലെ സ്വദേശിവൽക്കരണനയം വിശേഷിച്ച് സൗദി അറേബ്യയിൽ വാണിജ്യ കേന്ദ്രങ്ങളിൽ വിദേശികളെ ഒഴിവാക്കുന്നത് നിരവധി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുത്തും. 11 ശതമാനത്തോളം കേരളീയർ സെയിൽസ്മാൻമാരായി തൊഴിൽ നോക്കുന്നുവെന്നാണ് കണക്ക്. പ്രവാസികൾ കേരളത്തിലേക്ക് അയയ്ക്കുന്ന പണം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ മൂന്നിലൊന്നിലധികമാണ്. രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വിദേശ നാണയ സ്രോതസ്സായിട്ടും പ്രവാസികൾക്ക് കേന്ദ്ര സർക്കാർ വേണ്ട പരിഗണന നൽകുന്നില്ല. കയറ്റുമതിക്കാർക്ക് നൽകുന്ന പ്രോത്സാഹനങ്ങൾക്കും വിദേശ നിക്ഷേപം ആകർഷിക്കാനായി നൽകുന്ന ഇളവുകൾക്കും സമാനമായ രീതിയിൽ ആനുകൂല്യങ്ങൾ നൽകി പ്രവാസികളെ പ്രതിസന്ധിഘട്ടത്തിൽ സംരക്ഷിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു" | |
| 3) | ശ്രീ. സി. മമ്മൂട്ടി | " സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും മതിയായ യോഗ്യതയില്ലാത്ത ജീവനക്കാരെ നിയമിക്കുന്ന രീതി നിയന്ത്രിക്കുന്നതിനും, പരിശോധനയ്ക്കും ചികിത്സയ്ക്കും വേണ്ടി ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന രോഗികളിൽ നിന്നും ഒരു വ്യവസ്ഥയുമില്ലാതെ അമിതഫീസ് ഈടാക്കി ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം നിയന്ത്രിച്ച് രോഗികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും, മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഉറപ്പുവരുത്തുന്നതിനും, ആവശ്യമെങ്കിൽ നിയമനിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് അഭ്യർത്ഥിക്കുന്നു." | ആരോഗ്യസാമൂഹ്യനീതി വകുപ്പ് |
| (4) | ശ്രീ. മുഹമ്മദ് മുഹസിൻ.പി. | "മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, മാതാപിതാക്കൾക്കു മാത്രമല്ല സമൂഹത്തിന്റെ തന്നെ വേദനയായി | ആരോഗ്യസാമൂഹ്യനീതി വകുപ്പ് |

| | | |
|---|---|---|
| | | മാറുകയാണ്. ഇത്തരം കുട്ടികളുടെ മാതാപിതാക്കൾ സ്വന്തം തൊഴിൽ ഉപേക്ഷിച്ച് ഇവരോടൊപ്പം സദാസമയവും ചെലവഴിക്കാൻ നിർബന്ധിതരാകുന്നത് അവരുടെ കുടുംബങ്ങളെ സാമ്പത്തികമായി തളർത്തുന്നു. ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്ന രീതിയിൽ പരിശീലനം നൽകുന്നതിനും ഉതകുന്ന വിധത്തിൽ, ശാസ്ത്രീയമായി പരിശീലനം ലഭിച്ചവരുടെ മേൽനോട്ടത്തിൽ അവരെ പരിപാലിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. ഇത്തരത്തിലുള്ള 30-ൽ കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ ഒരു ഡേ-കെയർ സെന്റർ എന്ന രീതിയിൽ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സഭ സർക്കാരിനോട് ആവശ്യപ്പെടുന്നു. |

3) പ്രസ്തുത പ്രമേയങ്ങൾ 05.05.2017-ന് നിയമസഭയിൽ ചർച്ചയ്ക്കായി വരുമ്പോൾ സർക്കാർ സ്വീകരിക്കേണ്ട നിലപാട് മുൻകൂർ തീരുമാനിക്കേണ്ടതുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

05.05.2017-ൽ നിയമസഭയിൽ ചർച്ചയ്ക്ക് വരുന്ന 1, 2, 3 & 4 എന്നീ അനൗദ്യോഗിക പ്രമേയങ്ങളിന്മേൽ സർക്കാർ എന്ത് നിലപാട് സ്വീകരിക്കണം?